1. ആലപ്പാട് സ്പെഷ്യൽ പാക്കേജ് - 21 കോടിയുടെ പ്രത്യേക പദ്ധതി (കൊല്ലം ജില്ല)

2. പുഴ മുതൽ പുഴവരെ പദ്ധതി (മലപ്പുറം ജില്ല).

(ബി) ഈ പദ്ധതികൾ ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ഉപധനാഭ്യർത്ഥനയിലൂടെ തുക പാസ്സാക്കിയിട്ടില്ലാത്തതുമാണ്.

(സി) പദ്ധതികളെല്ലാം നടപടികൾ ആരംഭിച്ച് വിവിധ ഘട്ടങ്ങളിൽ ഇരിക്കുന്നവയാണ്.

വില്ലേജ് ഓഫീസുകളിലെ ഇ-ഓഫീസ് സംവിധാനം

166(1233) ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജോഫീസുകളിലെ ഇ-ഓഫീസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുമോ;

(ബി) റവന്യൂ മാന്വൽ, സർവ്വേ, പ്രമാണപരിശോധന തുടങ്ങിയ വിഷയങ്ങളിൽ സെക്രട്ടേറിയറ്റിലെ ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് പരിശീലനം നല്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) നിലവിൽ വില്ലേജ് ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ റവന്യൂ വകുപ്പിന് കീഴിലുള്ള പ്രധാന ഓഫീസുകൾ തമ്മിലുള്ള കത്തിടപാടുകൾ പൂർണ്ണമായും ഇലക്ട്രോണിക് രീതിയിലേക്ക് മാറ്റിയെടുക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായ ഇ-ഓഫീസ് സംവിധാനം ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും 14 ജില്ലാ കളക്ടറേറ്റുകളിലും 21 റവന്യൂ ഡിവിഷണൽ ഓഫീസുകളിലും 75 താലൂക്ക് ഓഫീസുകളിലും ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതും പൊതുവായി എല്ലാ വകുപ്പുകൾക്കും ആവശ്യമായതുമായ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് & ഡിസാസ്റ്റർ മാനേജ്മെന്റ് (ഐ.എൽ.ഡി.എം.) എന്ന പേരിൽ ഒരു സ്ഥാപനം റവന്യൂ വകുപ്പിന് കീഴിൽ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly